## ശ്രീ. ബി.ഡി ദേവസ്സി എം.എൽ.എ ഉന്നയിച്ച സബ്മിഷനുള്ള മറുപടി

2018 ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടൽ ചാലക്കുടി താലൂക്ക് ആതിരപ്പള്ളി വില്ലേജിലെ ആനക്കയം ആദിവാസി കോളനി നിവാസികളെ താൽക്കാലികമായി ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിക്കാൻ ശ്രമിച്ചെങ്കിലും കോളനി നിവാസികൾ ആയത് സമ്മതിക്കാതെ തൊട്ടടുത്തുള്ള പാറപ്പു റത്ത് ഷെഡുകൾ കെട്ടി താമസിച്ചുവരികയാണ്. അത്തരത്തിൽ 23 കുടും ബങ്ങളിലായി 100 ലധികം പേർ 2 വർഷമായി പ്രസ്തുത ഷെഡുകളിൽ താമസിച്ചുവരുന്നുണ്ട്. കോളനി നിവാസികളുടെ പുനരധിവാസത്തിനായി വനഭൂമി അനുവദിക്കുന്നതിനു 1980 ലെ വനസംരക്ഷണ നിയമപ്രകാരമ യൂസർ ഏജൻസിയായ ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ, MOEF പരിവേഷ് എന്ന വെബ് പോർട്ടലിൽ നിശ്ചിത പെർഫോർമയിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും വനം വകുപ്പ് പ്രസ്തു പ്രൊപ്പോസലിൻമേൽ ഭൂമി അനുവദിക്കുന്നതിനു കേന്ദ്ര വനം മന്ത്രാലയവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചുവ രുകയും ചെയ്യുന്നുണ്ട്. വാഴച്ചാൽ വനം ഡിവിഷനിലെ 9 ആദിവാസി കോളനികളുടെ സാമൂഹിക വനാവകാശത്തിനുള്ള അപേക്ഷയിൻമേൽ 23.04.2013 ന് തൃശൂർ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ജില്ലാ തല കമ്മറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാഴച്ചാൽ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന മലക്കപ്പാറ, ഷോളയാർ, ആനക്കയം, മുക്കമ്പുഴ, തവളക്കുഴിപ്പാറ, പെരിങ്ങൽക്കുത്ത്, വാച്ചുമരം, പൊകലപ്പാറ, വാഴച്ചാൽ എന്നീ 9 പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ കമ്മ്യൂണിറ്റി ഫോറസ്റ്റ് റൈറ്റ് ടൈറ്റിലുകൾ , കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസ്സോഴ്സ് ടൈറ്റിലു കൾ എന്നിവ 30.12.2013 ന് ജില്ലാകളക്ടർ തൃശ്ശൂർ അംഗീകരിച്ചുനൽകിയി ട്ടുള്ളതാണ്. വാഴച്ചാൽ വനം ഡിവിഷനിലെ വാഴച്ചാൽ ചാർപ്പ, കൊല്ലത്തിരു മേട്, ഷോളയാർ റെയിഞ്ചുകളിലുള്ള ഒൻപത് ആദിവാസി കോളനികളിൽ വനാവകാശ നിയമം 2006 പ്രകാരം 267 അപേക്ഷകൾക്ക് കൈവശാവകാശ രേഖ നൽകികഴിഞ്ഞു. 267 അപേക്ഷകളിൽ ആകെ 44.57859 ഹെക്ടർ വനഭൂമിയ്ക്കാണ് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. വാഴച്ചാൽ വനം ഡിവിഷനിലെ കൊല്ലത്തിത്തിരുമേട്, വാഴച്ചാൽ, ഷോളയാർ, ചാർപ്പ റെയി ഞ്ചുകളിലായി 26 അപേക്ഷകൾ ഡവലപ്മെന്റ് റൈറ്റ്സിനായി ലഭിക്കു കയും ആയതിൽ 24 എണ്ണം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

************************************